എന്നിവയും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശപ്രകാരം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെ ചുമതലയും നിർവ്വഹിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഡിസ്ട്രിക് റൂറൽ റോഡ് പ്ലാൻ-കണ്ണൂർ ജില്ല

58 (3025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ.-2-ന്റെ ഭാഗമായി ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവോ ;

(ബി) ഡി.ആർ.ആർ.പി. തയ്യാറാക്കിയെങ്കിൽ ആദ്യവർഷത്തേക്കുള്ള കണ്ണൂർ ജില്ലയിലെ 41 കി.മീ. റോഡിന്റെ മൻഗണനാക്രമം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. രണ്ടിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. രണ്ടിൽ കണ്ണൂർ ജില്ലയിൽ ആദ്യ വർഷം ഏറ്റെടുക്കേണ്ട 41 കി.മീ. റോഡിന്റെ മൻഗണനാക്രമം ജില്ലയിൽ തയ്യാറാക്കി കൊണ്ടിരിക്കുന്നു. നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ ലിസ്റ്റ് പൂർത്തിയായിട്ടില്ല.

കാസർഗോഡ് അസംബ്ലി മണ്ഡലം-പി.എം.ജി.എസ്.വൈ. പദ്ധതി

59 (3026) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കു ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly